**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4275** **18-07-2022 - ൽ മറുപടിയ്ക്ക്**

**വൈദ്യുതി ചാർജ്ജ് വർദ്ധനവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | വൈദ്യുതി ചാർജ്ജ് വർദ്ധിച്ചപ്പോൾ ആർക്കെല്ലാം സൗജന്യ നിരക്കിൽ വൈദ്യുതി നൽകുന്നുണ്ട് എന്ന് അറിയിക്കാമോ; | (എ) | സംസ്ഥാനത്ത് സബ്സിഡി നിരക്കിൽ താഴെ പറയുന്ന വിഭാഗം ഉപഭോക്താക്കൾക്കാണ് വൈദ്യുതി ലഭ്യമാകുന്നത്. ഇത് താരിഫ് വർദ്ധനവിന് ശേഷവും ലഭ്യമാകുന്നുണ്ട്.<br><br>1. പ്രതിമാസം 30 യൂണിറ്റ് വരെ ഉപഭോഗമുള്ള 500 വാട്ട്സിൽ താഴെ കണക്റ്റഡ് ലോഡുള്ള സാമൂഹികമായും സാമ്പത്തികമായും പിന്നാക്കാവസ്ഥയിലുള്ള ഗാർഹിക ഉപഭോക്താക്കൾക്ക് ഗവണ്മെന്റ് സബ്സിഡി നൽകി വൈദ്യുതി സൗജന്യമായാണ് നൽകി വരുന്നത്.<br><br>2. കൂടാതെ പ്രതിമാസം 41 മുതൽ 50 യൂണിറ്റ് വരെ ഉപഭോഗമുള്ള ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള ഗാർഹിക ഉപഭോക്താക്കൾക്ക് ഗവൺമെന്റ് സബ്സിഡി നൽകി, വൈദ്യുതി യൂണിറ്റൊന്നിന് 1.50 രൂപാ നിരക്കിൽ നൽകി വരുന്നു.<br><br>3. ജീവൻരക്ഷാ ഉപകരണങ്ങൾ ഉപയോഗിക്കുന്ന രോഗികൾക്ക് വൈദ്യുതി സൗജന്യമായി നൽകിവരുന്നു.<br><br>4. എൻഡോസൾഫാൻ ദുരിത ബാധിതർക്ക് പ്രതിമാസം 150 യൂണിറ്റ് വരെ 1.50 രൂപാ നിരക്കിലും കാൻസർ ബാധിച്ചതോ അപകടമോ പോളിയോ മൂലമോ സ്ഥിരമായ അംഗവൈകല്യം സംഭവിച്ചതോ ആയ വ്യക്തികളുള്ള ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾക്ക് പ്രതിമാസം 100 യൂണിറ്റ് വരെ 1.50 രൂപ നിരക്കിൽ വൈദ്യുതി നൽകി വരുന്നു.<br><br>5. ലോ ടെൻഷൻ വിഭാഗത്തിൽപ്പെടുന്ന കാർഷിക ഉപഭോക്താക്കൾക്ക് യൂണിറ്റിന് 85 പൈസാ നിരക്കിലാണ് സബ്സിഡി നൽകി വരുന്നത്. എല്ലാ വിഭാഗത്തിലുമായി ഏകദേശം 72 ലക്ഷം |

| | | | |
|---|---|---|---|
| | | | ഉപഭോക്താക്കൾക്ക് സബ്സിഡി ആനുകൂല്യം ലഭിക്കുന്നു . |
| (ബി) | കാർഷികാവശ്യത്തിനുള്ള വൈദ്യുതിയ്ക്ക് ചാർജ്ജ് വർദ്ധിപ്പിച്ചിട്ടുണ്ടോ? | (ബി) | സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ 25.06.2022-ലെ ഉത്തരവു പ്രകാരം കാർഷിക വിഭാഗം ഉപഭോക്താക്കളുടെ {LT V(A)} എനർജി ചാർജ്ജിൽ യാതൊരുവിധ വർദ്ധനവും വരുത്തിയിട്ടില്ല. എന്നാൽ ഫിക്സഡ് ചാർജ്ജിൽ കിലോവാട്ടൊന്നിന് പ്രതിമാസം 5 രൂപയുടെ (10 രൂപയിൽ നിന്ന് 15 രൂപയിലേയ്ക്ക്) വർദ്ധനവാണ് വരുത്തിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ